IVO-5/34/2023

പ്രേഷകൻ

അനിൽകുമാർ.പി
ഇൻറേണൽ വിജിലൻസ് ഓഫീസർ,
തദ്ദേശ സ്വയം ഭരണ വകുപ്പ്,
കണ്ണൂർ.

സ്വീകർത്താവ്

സെക്രട്ടറി സിപിഎം ലോക്കൽ കമ്മിറ്റി
പേരാവൂർ.പി.ഒ

സർ,

വിഷയം:: പേരാവൂർ പഞ്ചായത്തിൽ നിന്നും പെർമിറ്റ് പുതുക്കിയ നമ്പർ അനുവദിക്കാത്തത് - സംബന്ധിച്ച്.

സൂചന: പേരാവൂർ നിയോജക മണ്ഡലം നവകേരള സദസ് അപേക്ഷ നമ്പർ - KNR0150904

..................................

മണത്തണ വില്ലേജിൽ റി.സ നമ്പർ 91/370 ൽ 0.0121 ഹെക്ടർ സ്ഥലത്ത് ഗ്രൗണ്ട് ഫ്ളോർ 60.06 m , ഫസ്റ്റ് ഫ്ളോർ 60.06 m ആകെ 120.12 m കമേഷ്യൽ കെട്ടിട നിർമ്മാണത്തിന് എ3-5841/2016 തീയ്യതി: 22/09/2016 പ്രകാരം പേരാവൂർ പഞ്ചായത്ത് സെക്രട്ടറി പെർമിറ്റ് അനുവദിച്ചിരുന്നു. പെർമിറ്റ് കാലാവധി 21/09/2019 ന് വരെ ആയിരുന്നു.

21/11/2023 ൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ചതിൽ ചെറു പ്ലോട്ടുകളുടെ കെട്ടിട നിർമ്മാണ ചട്ടം പ്രകാരം പരസ്പര സമ്മതപ്രകാരം രണ്ട് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാണ് എ3-5841/2016 പ്രകാരം പെർമിറ്റ് അനുവദിച്ചത് എങ്കിലും നിലവിൽ 2 കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പകരം ഒറ്റ കെട്ടിടമായി നിർമ്മാണം നടത്തിയിരുന്നു. അതിർത്തിയോട് ചേർത്ത് എടുക്കാം എന്നല്ലാതെ അതിർത്തിക്ക് വെളിയിൽ നിർമ്മാണം നടത്തി തൊട്ടടുത്ത കെട്ടിടത്തിന്റെ ഭാഗമായി ഒറ്റ കെട്ടിടം നിർമ്മിക്കാൻ പാടുള്ളതല്ല എന്ന നിലയിൽ 21/09/2019 കാലാവധി കഴിഞ്ഞ പെർമിറ്റ് പുതുക്കി നമ്പർ അനുവദിച്ചില്ല എന്നതാണ് പരാതി.

സ്ഥിര അദാലത്ത് ഉപസമിതി അംഗങ്ങളും പേരാവൂർ പഞ്ചായത്ത് എഞ്ചിനീയർ, ഓവർസിയർ എന്നിവർ സ്ഥല പരിശോധന നടത്തി നിലവിൽ മണത്തണ വില്ലേജിൽ റി.സ നം. 91/370ൽപ്പെട്ട 1ആർ 21 സ്ക്വ.മീറ്റർ സ്ഥലത്ത് എ3-5841/16 തീയ്യതി:22/09/2016 പെർമിറ്റ് പ്രകാരം

സെക്രട്ടറി സിപിഎം ലോക്കൽ കമ്മിറ്റി , പേരാവൂർ നിർമ്മിച്ച കെട്ടിടവും , മണത്തട വില്ലേജിൽ 91/244 ൽ .0060 ഹെക്ടർ സ്ഥലത്ത് എ3-5840/16 ബിഎ 176/16-17 തീയ്യതി: 22/09/2016 പെർമിറ്റ് പ്രകാരം പട്ടാളി സുബീഷ് എന്നവർ നിർമ്മിച്ച കമേഴ്ഷ്യൽ കെട്ടിടവും സ്ഥല പരിശോധനയിൽ ഒറ്റ ഭിത്തിയോടെ , ഒറ്റ കോൺക്രീറ്റ് സ്ലാബോടെ ഒറ്റ കെട്ടിടമായി നിർമ്മിച്ച നിലയിലാണ് കാണുന്നത്. KPBR 2019 ചട്ടം 50 പ്രകാരം ( ചെറുപ്ലോട്ടുകളുടെ നിർമ്മാണങ്ങൾക്കുള്ള പ്രത്യേക വ്യവസ്ഥകൾ ) ടി കെട്ടിടത്തിന് ബാധകമല്ല. ആയതിനാൽ KPBR 2019 ചട്ടം 50 ൽ ആവശ്യമായ ഇളവ് ലഭിക്കുന്നതിന് Appendix N പ്രകാരം അപേക്ഷ സമർപ്പിക്കാവുന്നതാണ് എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ

കണ്ണൂർ

13/01/2024

അനിൽകുമാർ.പി

ഇൻറേണൽ വിജിലൻസ് ഓഫീസർ,

തദ്ദേശ സ്വയം ഭരണ വകുപ്പ്,

കണ്ണൂർ.